REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തെ ഉഷ്ണ തരംഗവുമായി ബന്ധപ്പെട്ട സാഹചര്യം വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം ഇന്ന്.**
- **രാജ്യത്ത് രാസവള ലഭ്യതയിൽ കുറവുണ്ടെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകളിൽ കഴമ്പില്ലെന്ന് കേന്ദ്ര രാസവള മന്ത്രാലയം**
- **ഇറാൻ - US വെടി നിർത്തൽ കരാറിന്റെ രണ്ടാം ഘട്ട സമാധാന ചർച്ചകൾക്കായി ഇറാൻ വിദേശകാര്യ മന്ത്രിയും സംഘവും ഇസ്ലാമാബാദിലെത്തി.**
- **തൃശൂർ പൂരം നാളെ. ഇന്ന് പൂരവിളംബരം.**
- **IPL ട്വന്റി 20 ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന് അഞ്ച് വിക്കറ്റ് ജയം.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്തെ ഉഷ്ണ തരംഗവുമായി ബന്ധപ്പെട്ട് നിലവിലെ സാഹചര്യം വിലയിരുത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഉന്നതതല യോഗം വിളിച്ചു. രാവിലെ 11ന് ഓൺലൈനായാണ് യോഗം.

ബന്ധപ്പെട്ട മന്ത്രിമാരും ചീഫ് സെക്രട്ടറിയും ദുരന്തനിവാരണ അതോറിറ്റി ഉദ്യോഗസ്ഥരും പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളിൽ ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തുന്ന പരിശീലനങ്ങൾ രാവിലെ പത്തരയ്ക്ക് അവസാനിപ്പിക്കണമെന്ന് ബാലാവകാശ കമ്മിഷൻ ഉത്തരവായി. പരിശീലനങ്ങൾ രാവിലെ മുതൽ വൈകിട്ട് വരെ നടത്തുന്നതും കുട്ടികളെ യൂണിഫോം ധരിപ്പിക്കുന്നതും കടുത്ത ബാലാവകാശ ലംഘനമായി കണക്കാക്കുമെന്നും കമ്മീഷൻ ഉത്തരവിൽ പറയുന്നു.

✪✪✪

ഉയർന്ന താപനിലയും അന്തരീക്ഷ ഈർപ്പവും കാരണം അത്യുഷ്ണം അനുഭവപ്പെടുന്ന സാഹചര്യത്തിൽ പകൽ സമയത്ത് ജനങ്ങൾ സ്വയം ലോക്ഡൗൺ ചെയ്യണമെന്ന് ആലപ്പുഴ ജില്ലാ കളക്ടർ അലക്സ് വർഗീസ് നിർദേശിച്ചു. പകൽ 11 മുതൽ 3 വരെ പുറത്തിറങ്ങുന്നതും കൂടുതൽ സമയം ശരീരത്തിൽ വെയിലേൽക്കുന്നതും പരമാവധി ഒഴിവാക്കണമെന്നും ചൂടിലെ വർദ്ധനവ് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാനും മരണത്തിന് വരെ കാരണമായേക്കുമെന്നും കളക്ടർ മുന്നറിയിപ്പ് നൽകി.

✪✪✪

രാജ്യത്ത് രാസവള ലഭ്യതയിൽ കുറവുണ്ടെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകളിൽ കഴമ്പില്ലെന്ന് കേന്ദ്ര രാസവള മന്ത്രാലയം അറിയിച്ചു. വളത്തിന് ക്ഷാമമില്ലെന്നും കഴിഞ്ഞ ഒക്ടോബർ മുതൽ ഈ വർഷം മാർച്ച് വരെ റാബി ഡാറ്റ പരിശോധിച്ചാൽ വളത്തിന്റെ ലഭ്യത ആവശ്യത്തെക്കാൾ അധികമുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ. പരിപാടിയുടെ 133-ാം പതിപ്പാണിത്. രാവിലെ 11ന് ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും.

✪✪✪

ഇന്ത്യയും ന്യൂസിലാൻഡും മറ്റന്നാൾ ഒപ്പുവെക്കുന്ന സ്വതന്ത്ര വ്യാപാര കരാറിന് മുന്നോടിയായി, ന്യൂസിലാൻഡിന്റെ വ്യാപാര, നിക്ഷേപ മന്ത്രി ടോഡ് മക്ലേയെ കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ ഇന്ത്യയിലേക്ക് സ്വാഗതം ചെയ്തു. വ്യാപാര തടസ്സങ്ങൾ കുറയ്ക്കുന്നതിനും ഇരു രാജ്യങ്ങളും തമ്മിലെ വാണിജ്യ ഇടപെടൽ ശക്തിപ്പെടുത്തുന്നതിനും കരാർ സഹായിക്കുമെന്നാണ് പ്രതീക്ഷ.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പാകിസ്ഥാന്റെ നേതൃത്വത്തിൽ ഇറാൻ - US വെടി നിർത്തൽ കരാറിന്റെ രണ്ടാം ഘട്ട സമാധാന ചർച്ചകൾക്കായി ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചിയും സംഘവും ഇസ്ലാമാബാദിലെത്തി. US പ്രതിനിധികളായ സ്റ്റീവ് വിറ്റ്കോഫും ജാരെഡ് കുഷ്നറും ഇറാനിയൻ പ്രതിനിധി സംഘവുമായി ചർച്ച നടത്തും.

ഇറാന്റെ ആണവ ഇന്ധന സമ്പുഷ്ടീകരണ പദ്ധതിയെക്കുറിച്ച് ഇറാനും US-ഉം ഇതുവരെ ധാരണയിൽ എത്തിയിട്ടില്ല. അതെസമയം ഹോർമുസ് കടലിടുക്കിലൂടെ ഗതാഗതം തടസ്സപ്പെടുത്താനോ വെള്ളത്തിൽ മൈനുകൾ സ്ഥാപിക്കാനോ ഇറാൻ ശ്രമിച്ചാൽ ശക്തമായി തിരിച്ചടിക്കുമെന്ന് അമേരിക്ക ആവർത്തിച്ചു.

✪✪✪

ഇസ്രായേലിനും ലെബനനും ഇടയിലെ വെടിനിർത്തൽ കരാർ ഹിസ്ബുള്ള അട്ടിമറിക്കാൻ ശ്രമിക്കുകയാണെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ആരോപിച്ചു. US പ്രെസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മധ്യസ്ഥതയിൽ വാഷിംഗ്ടണിൽ നടന്ന ചർച്ചയിൽ ഇസ്രായേലിനും ലെബനനും ഇടയിലെ വെടി നിർത്തൽ കരാർ മൂന്നാഴ്ചത്തേക്കു നീട്ടിയിരുന്നു.

✪✪✪

പൈപ്പ്ഡ് നാച്ചുറൽ ഗ്യാസ് കണക്ഷൻ ലഭിച്ച ഉപഭോക്താക്കൾ കൈവശം വെച്ചിരിക്കുന്ന LPG കണക്ഷനുകൾ അടിയന്തരമായി സറണ്ടർ ചെയ്യണമെന്ന് സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചു. പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യത്തിൽ രാജ്യവ്യാപകമായി LPG വിതരണത്തിന് നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് നടപടി.

✪✪✪

Paytm പേയ്മെന്റ് ബാങ്ക് ലിമിറ്റഡിന്റെ ബാങ്കിംഗ് ലൈസൻസ് റിസർവ് ബാങ്ക് റദ്ദാക്കി. ഇതോടെ ബാങ്കിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും അവസാനിച്ചു. നിക്ഷേപകർക്ക് പണം മടക്കിനൽകാൻ ആവശ്യമായ ഫണ്ട് ബാങ്കിന്റെ കൈവശമുണ്ടെന്ന് RBI അറിയിച്ചു

✪✪✪

2027 ലെ സെൻസസിന് ദേശീയ ടോൾഫ്രീ ഹെൽപ് ലൈൻ നമ്പർ 1855 എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിലവിൽ പ്രവർത്തനക്ഷമമാണെന്ന് രജിസ്ട്രാർ ജനറലിന്റെയും സെൻസസ് കമ്മീഷണറുടെയും ഓഫീസ് അറിയിച്ചു. സെൻസസ് സംബന്ധിച്ച മാർഗ

നിർദേശങ്ങൾ പ്രാദേശിക ഭാഷകളിലും ഇംഗ്ലീഷിലും ലഭ്യമാണെന്ന് ഓഫീസ് വ്യക്തമാക്കി.

✪✪✪

ജമ്മു കശ്മീരിലെ കിഷ്ത്വാറിൽ ഇന്ത്യൻ വ്യോമസേനയുടെ വിമാനം തകർന്നുവീണുവെന്ന തരത്തിൽ സാമൂഹിക മാധ്യമത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് വ്യക്തമാക്കി. സ്ഥിരീകരിക്കാത്ത ഇത്തരം വാർത്തകൾ വിശ്വസിക്കരുതെന്നും ഔദ്യോഗിക സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളെ മാത്രം ആശ്രയിക്കണമെന്നും PIB ആവശ്യപ്പെട്ടു.

✪✪✪

തൃശൂരിൽ ഇന്ന് പൂരവിളംബരം. നെയ്തലക്കാവിലമ്മയുടെ തിടമ്പുമേന്തി ഗജവീരൻ എറണാകുളം ശിവകുമാർ തെക്കേ ഗോപുരനട തുറക്കും. നാളെയാണ് ചരിത്ര പ്രസിദ്ധമായ തൃശൂർ പൂരം.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്...

.........വോയ്സ്.....

നെയ്തല കാവിലമ്മ തെക്കേഗോപുര നട തുറന്നെത്തുന്നതോടെ പൂര വിളംബര ചടങ്ങ് നടക്കും. പാറമേക്കാവിലെ ചമയ പ്രദർശനം ഇന്നലെ ആരംഭിച്ചു. മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിന്റെ പശ്ചാത്തലത്തിൽ വെടിക്കെട്ട് പൂർണമായും ഒഴിവാക്കിയും കുടമാറ്റത്തിന്റെ സമയം വെട്ടി കുറച്ചുമാണ് ഇത്തവണത്തെ തൃശൂർ പൂരം അരങ്ങേറുന്നത്.

മേളമൊഴിയാത്ത പൂരരാവുകൾക്കായി വടക്കുന്നാഥന്റെ തെക്കേ ഗോപുരനട തുറക്കാനുള്ള നിയോഗം നെയ്തലക്കാവിലമ്മയ്ക്കാണ്. രാവിലെയോടെ ക്ഷേത്രത്തിൽ നിന്ന് വാദ്യമേളങ്ങൾക്കൊപ്പം എഴുന്നള്ളി വടക്കുംനാഥ സന്നിധിയിലെത്തിയാണ് ദേശ പൂരങ്ങൾക്കായി തെക്കേ ഗോപുര നട തുറക്കുക.( ഇത്തവണയും എറണാകുളം ശിവകുമാറാണ് നെയ്തലക്കാവ് ഭഗവതിയുടെ തിടമ്പുമേന്തി പൂര വിളംബരം നടത്തുന്നത്.)

വൈകിട്ട് 4 മണിക്ക്ആ നകളുടെ ഫിറ്റ്നസ് പരിശോധന നടക്കു. നാളെയാണു തൃശൂർ പൂരം. നാളെ രാവിലെ ഏഴര മുതൽ ഘടകപൂരങ്ങളുടെ വരവു തുടങ്ങും. ആർഭാടങ്ങൾ ഒഴിവാക്കിക്കൊണ്ട് ആചാരങ്ങൾക്ക് പ്രാധാന്യം നൽകി. വെടിക്കെട്ട് ദുരന്തത്തിൽ പൊലിഞ്ഞുപോയ ജീവനുകൾക്കുള്ള സമർപ്പണമായി മാറുകയാണ് ഇത്തവണത്തെ തൃശൂർ പൂരം

✪✪✪

പാമ്പുകടിയേറ്റാൽ കനിവ് 108 ആംബുലൻസ് വഴി ആന്റി വെനം ലഭ്യമാകുന്ന ആശുപത്രികളിൽ കൃത്യമായി എത്തിക്കുമെന്ന് ആരോഗ്യ വകുപ്പ് അറിയിച്ചു. ആംബുലൻസിൽ പരിചയസമ്പന്നരായ എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ വഴി പ്രഥമ ശുശ്രൂഷയും നിരീക്ഷണവും ഉറപ്പാക്കാനാകുമെന്നും അധികൃതർ പറഞ്ഞു. നിലവിൽ 146 ആശുപത്രികളിൽ ആന്റിവെനം ലഭ്യമാണ്.

✪✪✪

കുട്ടനാട്ടിൽ പാമ്പുകടിയേറ്റ് വീട്ടമ്മ മരിച്ചു. വൈശ്യംഭാഗം പുതുവന വീട്ടിൽ ഇന്ദിര ആണ് മരിച്ചത്. ഇന്നലെ വൈകിട്ട് വീടിനോട് ചേർന്ന് ശുചിമുറിക്ക് മുന്നിൽ മൂർഖൻ പാമ്പിന്റെ കടിയേൽക്കുകയായിരുന്നു.

നാട്ടുകാർ ഉടൻ ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലിരിക്കെ രാത്രിയോടെ മരിച്ചു.

✪✪✪

കടുത്ത വേനൽച്ചൂടിൽ തണുപ്പ് തേടി പാമ്പുകൾ വീടുകളിലും ജനവാസ മേഖലകളിലും എത്താൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

വീടിനോട് ചേർന്ന പുൽക്കാടുകൾ, കരിയിലക്കൂട്ടങ്ങൾ, വിറക് കൂട്ടിയിട്ട ഇടങ്ങൾ എന്നിവ കൃത്യമായി വൃത്തിയാക്കണമെന്നും, ജനലുകൾ തുറന്നിടുമ്പോൾ വലകൾ ഉപയോഗിക്കുന്നത് പാമ്പുകൾ ഉള്ളിൽ കടക്കുന്നത് തടയാൻ സഹായിക്കും. പാമ്പ് കടിയേറ്റവർ അശാസ്ത്രീയവും സുരക്ഷിത മല്ലാത്തതുമായ ചികിത്സ തേടരുതെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു.

✪✪✪

IPL ട്വന്റി 20 ക്രിക്കറ്റിൽ ബെംഗളൂരുവിൽ നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ചു. ഗുജറാത്ത് ഉയർത്തിയ 206 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബെംഗളൂരു 18.5 ഓവറിൽ വിജയം നേടി.

ഇന്ന് രണ്ട് മത്സരം ഉണ്ടാകും. ആദ്യ മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ്, പഞ്ചാബ് കിംഗ്സിനെ നേരിടും. ഉച്ച കഴിഞ്ഞു മൂന്നരയ്ക്ക് ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് പോരാട്ടം. മറ്റൊരു മത്സരത്തിൽ രാത്രി 7.30ന് ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ രാജസ്ഥാൻ റോയൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

✪✪✪

വനിതാ ട്വന്റി-20 അഞ്ച് മത്സര ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യ ഇന്ന് ആതിഥേയരായ ദക്ഷിണാഫ്രിക്കയെ നേരിടും. ജോഹന്നാസ്ബർഗിൽ ഇന്ത്യൻ സമയം രാത്രി 9.30-നാണ് മത്സരം. പരമ്പരയിൽ ദക്ഷിണാഫ്രിക്ക 3-0 മുന്നിലാണ്.

✪✪✪

ഗുജറാത്തിൽ ദേശീയ ജൂനിയർ അണ്ടർ-20 അത്‌ലറ്റിക്സിൽ റിലയൻസിന്റെ അഭയ് സിംഗ് പുരുഷന്മാരുടെ 100 മീറ്റർ ഓട്ടത്തിൽ 10.41 സെക്കൻഡിൽ സ്വർണം നേടി റെക്കോർഡിട്ടു. വനിതകളുടെ 100 മീറ്ററിൽ ഉത്തർപ്രദേശിന്റെ നിപം സ്വർണ്ണം സ്വന്തമാക്കി. കഴിഞ്ഞ വർഷം കൊച്ചിയിൽ അഭിനയ രാജരാജൻ സ്ഥാപിച്ച 11.54 സെക്കൻഡ് റെക്കോർഡാണ് നിപം മറികടന്നത്.

✪✪✪

കൊല്ലത്ത് MC റോഡിൽ മോട്ടോർ വാഹനവകുപ്പും, പോലീസും ചേർന്ന് നടത്തിയ പരിശോധനയിൽ നിയമലംഘനം നടത്തിയ രണ്ട് KSRTC ബസ്സുകൾ ഉൾപ്പടെ 140 വാഹനങ്ങൾക്കെതിരെ കേസെടുത്തു. കരിക്കം, വാളകം, തൊളിക്കോട് ഭാഗങ്ങളിൽ ഇന്നലെ വൈകിട്ട് രണ്ടുമണിക്കൂർ നടത്തിയ പരിശോധനയിലാണ് ഇത്രയും നിയമലംഘനങ്ങൾ കണ്ടെത്തിയത്. MC റോഡിൽ അപകടങ്ങൾ വർധിക്കുന്ന സാഹചര്യത്തിലായിരുന്നു പരിശോധന.

✪✪✪

BJP സംസ്ഥാന പ്രസിഡണ്ടായിരുന്ന KG മാരാർ അനുസ്മരണ ദിനത്തോടനുബന്ധിച്ച് കണ്ണൂർ ജില്ലയിൽ ഇന്ന് വിവിധ പരിപാടികൾ സംഘടിപ്പിക്കും. രാവിലെ പയ്യാമ്പലത്ത് പുഷ്പാർച്ചനയും അനുസ്മരണ പരിപാടിയും നടത്തും. ദേശീയ സമിതി അംഗം CK പത്മനാഭൻ അനുസ്മരണ പ്രഭാഷണം നടത്തും.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് BDS വിദ്യാർഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട് അധ്യാപകരുടെ മുൻകൂർ ജാമ്യാപേക്ഷയിൽ തലശ്ശേരി അഡീഷണൽ ജില്ലാ കോടതി ഇന്ന് വിധി പറയും. കോളേജ് പാതോളജി വിഭാഗം മേധാവിയായിരുന്ന ഡോ. MK. റാം, ഓറൽ പാതോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസറായിരുന്ന ഡോ. സംഗീത നമ്പ്യാർ എന്നിവരാണ് അപേക്ഷ നൽകിയത്.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*News Team: മണികണ്‌ഠൻ*
*DEO : സി കെ സുബോധ്*